വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

നാലാം ഘട്ടം

ക്യാമ്പയിൻ 1

സൂറത്തുൽ ഫുർഖാൻ

ആയത്ത് 1 മുതൽ 20 വരെ

2022 ജൂൺ 17 വെള്ളി മുതൽ ജൂലൈ 02 ശനി വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

Saudi Indian Islahi Center

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة الفرقان

25. സൂറതുൽ ഫുർക്വാൻ

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 77 - വിഭാഗം (റുകൂഉ്) 6

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ,

تَبَارَكَ ٱلَّذِى نَزَّلَ ٱلۡفُرۡقَانَ عَلَىٰ عَبۡدِهِۦ لِيَكُونَ لِلۡعَٰلَمِينَ نَذِيرًا ﴿١﴾

《1》 ലോകർക്ക് താക്കീത് നൽകുന്നവനായിരിക്കുവാൻ വേണ്ടി തന്റെ അടിയാന്റെ മേൽ ഫുർക്വാൻ (വിവേചന പ്രമാണം) അവതരിപ്പിച്ചിട്ടുള്ളവൻ നന്മയേറിയവനാകുന്നു.

ٱلَّذِى لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَمۡ يَتَّخِذۡ وَلَدًا وَلَمۡ يَكُن لَّهُۥ شَرِيكٌ فِى ٱلۡمُلۡكِ وَخَلَقَ كُلَّ شَىۡءٍ فَقَدَّرَهُۥ تَقۡدِيرًا ﴿٢﴾

《2》 ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമുള്ളവനത്രെ (അവൻ). അവൻ സന്താനത്തെ സ്വീകരി ച്ചിട്ടുമില്ല; ആധിപത്യത്തിൽ അവന് ഒരു പങ്കാളിയും ഉണ്ടായിട്ടുമില്ല; എല്ലാ വസ്തുവെയും അവൻ സൃഷ്ടിച്ചു, എന്നിട്ട് അതിന് ഒരു (ശരിയായ) നിർണയം നൽകുകയും ചെയ്തി രിക്കുന്നു.

《1》 تَبَارَكَ വളരെ നൻമ (മഹത്വം, മേന്മ, അനുഗ്രഹം) ഉള്ളവനായി الَّذِي نَزَّلَ അവതരിപ്പിച്ചിട്ടുള്ളവൻ الْفُرْقَانَ വിവേചന പ്രമാണത്തെ عَلَىٰ عَبْدِهِ തന്റെ അടിയാന്റെമേൽ لِيَكُونَ അദ്ദേഹം ആകുവാൻ വേണ്ടി لِلْعَالَمِينَ ലോകർക്ക് نَذِيرًا താക്കീത് ചെയ്യുന്നവൻ, മുന്നറിയിപ്പുകാരൻ, ഭയവാർത്ത അറിയിക്കുന്നവൻ 《2》 الَّذِي യാതൊരുവൻ لَهُ അവന്നാണ്, അവന്റെതാണ് مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ ആധിപത്യം, രാജത്വം

وَالْأَرْضِ ഭൂമിയുടെയും وَلَمْ يَتَّخِذْ അവൻ സ്വീകരിച്ചിട്ടുമില്ല, ഏർപ്പെടുത്തിയിട്ടുമില്ല وَلَدًا മക്കളെ, സന്താനത്തെ وَلَمْ يَكُنْ ഉണ്ടായിട്ടുമില്ല, ഇല്ലതാനും لَهُ അവന് شَرِيكٌ ഒരു പങ്കുകാരനും فِي الْمُلْكِ ആധിപത്യത്തിൽ وَخَلَقَ അവൻ സൃഷ്ടിക്കയും ചെയ്തു كُلَّ شَيْءٍ എല്ലാ വസ്തുവെയും فَقَدَّرَهُ എന്നിട്ട് അതിന് നിർണയം നൽകി, അതിനെ നിർണയിച്ചു, കണക്കാക്കി تَقْدِيرًا ഒരു(ശരിയായ)നിർണയം.

കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനത്തിൽ, നബിﷺയെ നിരുപാധികമായി പിൻപറ്റുന്നത് സത്യവിശ്വാസികളുടെ നിർബന്ധ കടമയാണെന്നും, അവിടുത്തെ കല്പനക്ക് വിപരീതം പ്രവർത്തിക്കുന്നത് വലിയ ആപത്തുകൾക്കും ശിക്ഷക്കും കാരണമാണെന്നും പ്രസ്താവിച്ചു. നബിﷺയെ അനുസരിക്കുന്നവരെ പ്രശംസിക്കുകയും, അനുസരിക്കാത്തവരെ കഠിനമായി താക്കീത് ചെയ്യുകയും ചെയ്തു. അതിന് നിദാനമായ കാരണമെന്നോണം ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ, ലോകർക്കാകമാനം മുന്നറിയിപ്പും താക്കീതും നൽകുവാൻവേണ്ടിയാണ് നബി തിരുമേനിﷺക്ക് വിശുദ്ധക്വുർആനാകുന്ന വിവേചന പ്രമാണം (الفُرْقان) അവതരിപ്പിച്ചിട്ടുള്ളതെന്ന വസ്തുത ഓർമിപ്പിക്കുകയാണ്. അല്ലാഹു ലോകർക്ക് ചെയ്തുകൊണ്ടിരിക്കുന്ന എണ്ണമറ്റ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ അതിമഹത്തായ ഒന്നത്രെ അത്. ഇതിന്റെ പേരിൽ അല്ലാഹു അവനെത്തന്നെ സ്തുതിച്ചുകൊണ്ടാണ് സൂറത്തിന്റെ തുടക്കം.

تَبَارَكَ (തബാറക) എന്ന വാക്ക് വളരെ അർത്ഥവൈപുല്യം നിറഞ്ഞ ഒരു ക്രിയയാണ്. വളരെ നന്മയും,മേന്മയും, മഹത്വവും, അനുഗ്രഹവും സമ്മേളിച്ചുവെന്നാണ് അത് അർത്ഥമാക്കുന്നത്. അതിന്റെ അർത്ഥം ശരിക്ക് പ്രകാശിപ്പിക്കുന്ന ഒരു ക്രിയാപദം മലയാളത്തിൽ കാണുന്നില്ല الفُرقان(ഫുർക്വാൻ) എന്നാൽ വിവേചനം എന്നും വിവേചനം ചെയ്യുന്നത് എന്നും അർത്ഥമാകുന്നു?. വിശുദ്ധ ക്വുർആൻ സത്യാസത്യങ്ങൾക്കും നന്മതിന്മകൾക്കുമിടയിൽ വിവേചനം ചെയ്യുന്ന പ്രമാണമാകകൊണ്ട് അതിന് ഫുർക്വാൻ എന്നും പേര് പറയപ്പെടുന്നു.

ക്വുർആനിൽ പലേടത്തും പ്രസ്താവിച്ചിട്ടുള്ളത്പോലെ, ദൈവദൂതൻമാർ (മുർസലുകൾ)താക്കീത് നൽകുന്നവർ(نَذِير) മാത്രമായിട്ടല്ല-സുവിശേഷം അറിയിക്കുന്നവരും (بَشِير)കൂടിയായിട്ടാണ് – നിയോഗിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, താക്കീത് നൽകുകയെന്ന കൃത്യമാണ് താരതമ്യേന കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. (സൂറത്തുൽ കഹ്ഫിന്റെ ആരംഭത്തിൽ നാം ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്) ക്വുർആൻ, പ്രവാചകൻമാർ, അന്ത്യദിനം എന്നിവയെ നിഷേധിക്കുകയും, അല്ലാഹുവിന് സന്താനങ്ങളുണ്ടെന്ന് വാദിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചാണ് ഈ സൂറത്തിൽ കൂടുതൽ പ്രതിപാദിക്കുന്നത്. ആ നിലക്ക് താക്കീതും, ഭയവാർത്തയും നൽകുന്നതിന് ഇവിടെ കൂടുതൽ പ്രസക്തിയുള്ളതുകൊണ്ടാണ് ലോകർക്ക് താക്കീത് നല്കുന്നവനായിരിക്കുവാൻവേണ്ടി എന്ന് പ്രസ്താവിച്ചത്.

അല്ലാഹു അല്ലാത്ത എല്ലാ വസ്തുക്കളും അവന്റെ സൃഷ്ടിയാകുന്നു. അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവും, നിയന്താവും, ഉടമസ്ഥനുമത്രെ. അവന്റെ യുക്തിക്കും, ഉദ്ദേശ്യത്തിനും അനുസരിച്ച് ഓരോന്നിന്റെയും ആകൃതി, പ്രകൃതി, കഴിവ്, പ്രവർത്തനപരിപാടി തുടങ്ങിയ എല്ലാകാര്യങ്ങളും അവൻ നിർണയം ചെയ്യുകയും ചെയ്തിരിക്കയാണ് *(*)* അതിലൊന്നും ആർക്കും പങ്കില്ല. എന്നിരിക്കെ, സൃഷ്ടികളിൽപെട്ട

ഏതെങ്കിലും ഒരു വസ്തുവെ - അത് മനുഷ്യനോ, ജിന്നോ, മലക്കോ മറ്റോ ആകട്ടെ-അവന്റെ സന്താനമെന്നോ, കൂട്ടാളിയെന്നോ കരുതുന്നതിൽപരം നിരർത്ഥവും, നിന്ദ്യവുമായിട്ടുള്ളതെന്താണ്?! അൽപമെങ്കിലും ചിന്തിക്കുന്ന ഒരു ഹൃദയത്തിന് അതൊരിക്കലും ന്യായീകരിക്കുക സാധ്യമല്ല. പക്ഷേ, സ്പഷ്ടമായ ഈ പരമാർത്ഥത്തിൽ നിന്നും അവിശ്വാസികൾ വ്യതിചലിക്കുകയാണ് ചെയ്തിരിക്കുന്നത്:

وَٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً لَّا يَخْلُقُونَ شَيْـًٔا وَهُمْ يُخْلَقُونَ وَلَا يَمْلِكُونَ لِأَنفُسِهِمْ ضَرًّا وَلَا نَفْعًا وَلَا يَمْلِكُونَ مَوْتًا وَلَا حَيَوٰةً وَلَا نُشُورًا ﴿٣﴾

《3》 അവന് പുറമെ പല ആരാധ്യൻമാരെയും അവർ സ്വീകരിച്ചിരിക്കുകയാണ്. അവർ (ആ ആരാധ്യൻമാർ) യാതൊരു വസ്തുവും സൃഷ്ടിക്കുന്നില്ല; അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയുമാകുന്നു. തങ്ങൾക്ക്തന്നെയും, വല്ല ഉപദ്രവമാകട്ടെ, ഉപകാരമാകട്ടെ അവർ സ്വാധീനമാക്കുന്നു മില്ല; അവർ മരണത്തെയാകട്ടെ, ജീവിതത്തെയാകട്ടെ, പുനഃരുത്ഥാനത്തെയാകട്ടെ, അധീനപ്പെടുത്തു ന്നുമില്ല.

《3》 وَاتَّخَذُوا അവർ ഉണ്ടാക്കി, സ്വീകരിച്ചു مِن دُونِهِ അവന് പുറമെ آلِهَةً (പല)ദൈവങ്ങളെ, ആരാധ്യൻമാരെ لَا يَخْلُقُونَ അവർ സൃഷ്ടിക്കുന്നില്ല شَيْئًا യാതൊന്നും, ഒരു വസ്തുവും وَهُمْ അവരാകട്ടെ, അവരോ يُخْلَقُونَ അവർ സൃഷ്ടിക്കപ്പെടുന്നു وَلَا يَمْلِكُونَ അവർ അധീനപ്പെടുത്തുന്നുമില്ല لِأَنفُسِهِمْ തങ്ങൾക്ക്തന്നെ ضَرًّا ഉപദ്രവം, ദ്രോഹം وَلَا نَفْعًا ഉപകാരവും ഇല്ല وَلَا يَمْلِكُونَ അവർ അധീനമാക്കുന്നുമില്ല مَوْتًا മരണത്തെ وَلَا حَيَاةً ജീവിതത്തെയും ഇല്ല وَلَا نُشُورًا പുനഃരുത്ഥാനത്തെയും ഇല്ല.

അല്ലാഹു അല്ലാത്തവരെ ദൈവമാക്കുന്നതിന്റെ നിരർത്ഥതക്ക് നാല് കാരണങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഈ നാലിൽപെട്ട ഏതെങ്കിലും ഒന്നിൽ നിന്ന് ആ ദൈവങ്ങൾ ഒഴിവായിരുന്നുവെങ്കിൽ, ആ അപവാദത്തെ ഒരു വിധത്തിലെങ്കിലും ന്യായീകരിച്ചു നോക്കാമായിരുന്നു

(1) അവയൊന്നുപോലും, വല്ലതിനെയും സൃഷ്ടിച്ചുണ്ടാക്കുവാൻ കഴിവുള്ളവയല്ല. ആരാധ്യന്മാർ സൃഷ്ടിച്ചുണ്ടാക്കുവാൻ കഴിവുള്ളവരായിരിക്കേണ്ടതാണ്

(2) അവയാണെങ്കിൽ, സൃഷ്ടികളാണ്. സൃഷ്ടികളെല്ലാം അന്യാശ്രയം കൂടാതെ കഴിയാത്തവരുമത്രെ. ആരാധ്യന്മാർക്ക് അന്യാശ്രയം ഒട്ടും അനുയോജ്യവുമല്ല.

(3) മറ്റുള്ളവരുടെ കാര്യം ഇരിക്കട്ടെ, സ്വന്തം കാര്യത്തിലെങ്കിലും പരസഹായം കൂടാതെ

(*) ഈ ആശയം സൂ: ത്വാഹാ 50 – ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് ഇവിടെ അനുസ്മരിക്കുന്നത് നന്നായിരിക്കും.

ഒരു ഉപകാരപ്രദമായ സംഗതി ചെയ്യാൻ സാധ്യമാണോ? അതുമില്ല. എന്നാൽ പിന്നെ, സ്വന്തം നിലക്ക് വല്ല ഉപദ്രവവും ചെയ്യാൻ കഴിയുമോ? അതും ഇല്ല. അല്ലാഹുവിന്റെ ഉദ്ദേശ്യവും സഹായവും കൂടാതെ അവക്ക് ഒന്നിനും കഴിവില്ല. ഇങ്ങിനെയുള്ള വസ്തുക്കളെ ദൈവമാക്കുന്നതിൽ എന്തർത്ഥമാണുള്ളത്?!

(4) ജീവനുള്ളതിന്റെ മരണവിഷയമോ, ജീവനില്ലാത്തതിന്റെ ജീവിതകാര്യമോ ഒന്നുംതന്നെ അവയുടെ അധീനത്തിൽപെട്ടതല്ല. മരണപ്പെട്ടവരെ രണ്ടാമത് ജീവിപ്പിക്കുവാനും അവർക്ക് സാധിക്കുകയില്ല. ഇതെല്ലാം അല്ലാഹുവിന്റെ അധീനത്തിലും നിയന്ത്രണത്തിലും മാത്രം ഉൾപ്പെട്ടതാകുന്നു. എന്നിരിക്കെ, അല്ലാഹു മാത്രമേ ഇലാഹായിരിക്കുവാൻ പാടുള്ളൂ. അതിനുമാത്രമേ ന്യായവുമുള്ളൂ.

وَقَالَ ٱلَّذِينَ كَفَرُوٓاْ إِنْ هَٰذَآ إِلَّآ إِفْكٌ ٱفْتَرَىٰهُ وَأَعَانَهُۥ عَلَيْهِ قَوْمٌ ءَاخَرُونَ ۖ فَقَدْ جَآءُو ظُلْمًا وَزُورًا ﴿٤﴾

﴾4﴿ അവിശ്വസിച്ചവർ പറയുന്നു: ഇത് ഒരു നുണയല്ലാതെ (മറ്റൊന്നും) അല്ല; അവൻ (നബി) അത് കെട്ടിയുണ്ടാക്കിയിരിക്കുകയാണ്; മറ്റു ചില ജനങ്ങൾ അവനെ സഹായിക്കു കയും ചെയ്തിട്ടുണ്ട്. എന്നാൽ, (ഇത്മൂലം) അവർ അക്രമവും, വ്യാജവുമായി വന്നിരിക്കുകയാണ്.

وَقَالُوٓاْ أَسَٰطِيرُ ٱلْأَوَّلِينَ ٱكْتَتَبَهَا فَهِىَ تُمْلَىٰ عَلَيْهِ بُكْرَةً وَأَصِيلًا ﴿٥﴾

﴾5﴿ അവർ പറയുന്നു: പൂർവ്വികൻമാരുടെ ഐതിഹ്യങ്ങളാണ് (അത്); അവൻ അതെഴുതിച്ചെടുത്തിരിക്കുകയാണ്. അങ്ങനെ, രാവിലെയും, വൈകുന്നേരവും അതവന് വായിച്ചു കേൾപ്പിക്കപ്പെടുന്നു (എന്ന്).

قُلْ أَنزَلَهُ ٱلَّذِى يَعْلَمُ ٱلسِّرَّ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّهُۥ كَانَ غَفُورًا رَّحِيمًا ﴿٦﴾

﴾6﴿ പറയുക (നബിയേ): ആകാശങ്ങളിലും ഭൂമിയിലുമുള്ള രഹസ്യം അറിയുന്നവൻ അത് അവതരിപ്പിച്ചിരിക്കുകയാണ്. നിശ്ചയമായും അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾4﴿ وَقَالَ പറഞ്ഞു, പറയുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنْ هَٰذَا ഇതല്ല إِلَّا إِفْكٌ നുണയല്ലാത, കളവല്ലാതെ افْتَرَاهُ അവനത് കെട്ടിയുണ്ടാക്കിയിരിക്കുന്നു وَأَعَانَهُ അവനെ സഹായിക്കയും ചെയ്തിരിക്കുന്നു عَلَيْهِ അതിന്ന്, അതിൽ قَوْمٌ آخَرُونَ വേറെ ഒരു ജനത, വേറെ ആളുകൾ فَقَدْ جَاءُوا എന്നാൽ തീർച്ചയായും അവർ വന്നിരിക്കുന്നു ظُلْمًا

അക്രമവുമായി, അക്രമവുംകൊണ്ട് وَزُورًا വ്യാജവുമായും, കള്ളവും കൊണ്ടും ﴾5﴿
وَقَالُوا അവർ പറയുന്നു أَسَاطِيرُ الْأَوَّلِينَ പൂർവ്വികൻമാരുടെ ഐതിഹ്യങ്ങളാണ്,
പഴങ്കഥകളാണ് اكْتَتَبَهَا അവനത് എഴുതിച്ചെടുത്തിരിക്കുന്നു فَهِيَ എന്നിട്ടത് تُمْلَىٰ
ഓതികേൾപ്പിക്കപ്പെടുന്നു, വായിച്ചു കൊടുക്കപ്പെടുന്നു عَلَيْهِ അവന് بُكْرَةً രാവിലെ وَأَصِيلًا
വൈകുന്നേരവും ﴾6﴿ قُلْ പറയുക أَنزَلَهُ അതിനെ അവതരിപ്പിച്ചിരിക്കുന്നു,
ഇറക്കിയിരിക്കയാണ്. الَّذِي يَعْلَمُ അറിയുന്നവൻ السِّرَّ രഹസ്യത്തെ فِي السَّمَاوَاتِ
ആകാശങ്ങളിലെ وَالْأَرْضِ ഭൂമിയിലെയും إِنَّهُ നിശ്ചയമായും അവൻ كَانَ ആകുന്നു,
ആയിരിക്കുന്നു غَفُورًا വളരെ പൊറുക്കുന്നവൻ رَحِيمًا കരുണാനിധിയും.

നബി(ﷺ)യുടെ പ്രവാചകത്വത്തെ നിഷേധിക്കുന്ന മുശ്‌രിക്കുകളുടെ ചില ജൽപനങ്ങളും അതിന്റെ മറുപടിയുമാണിത്. ഇവരുടെ ആക്ഷേപം രണ്ട് തരത്തിലാണുള്ളത് : ഖുർആനെക്കുറിച്ചും, നബി(ﷺ)യെക്കുറിച്ചും, ഖുർആനിനെ സംബന്ധിച്ച ചില വാദങ്ങളാണ് ആ വചനങ്ങളിൽ കണ്ടത്.

നദ്വ്റുബ്നുൽ ഹർഥ് (نَضْر بن الحرث) ആയിരുന്നു ഈ വാദം പുറപ്പെടുവിച്ച ആൾ. ഹുവൈത്വബ്, യാസർ, അബൂഫുകൈഹത്ത് (حويطب بن عبد العزى ، ياسر مولى العلاء بن الحضرمى ، ابوفكيهة الرومى) എന്നിങ്ങിനെ വേദക്കാരായ ചിലർ തൗറാത്ത് വായിക്കലും, , അതിലെ കഥകൾ വിവരിക്കലും പതിവുണ്ടായിരുന്നു. അവർ നബി(ﷺ)യിൽ വിശ്വസിച്ച ശേഷം, നബി(ﷺ)യും അവരുമായുള്ള ബന്ധത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് നദ്വ്ർ ഈ വാദം ഉന്നയിച്ചത്. 'മുഹമ്മദ് ഓതികേൾപ്പിക്കുന്ന ഈ ഖുർആൻ അല്ലാഹു അവതരിപ്പിച്ചതാണെന്ന് അവർ വൃഥാ വ്യാജം പറയുകയാണ്. മേൽപ്പറഞ്ഞവരെ പോലെയുള്ള ചില ആളുകളുടെ സഹായത്തോടുകൂടി, ഒരു പ്രത്യേക ശൈലിയിലും രൂപത്തിലുമായി അവനത് കെട്ടിയുണ്ടാക്കിയതാണ്. യഹൂദന്മാരിൽ നിന്നും മറ്റുമായി പല കഥകളും, ഇതിഹാസങ്ങളും കൂട്ടിയിണക്കി എഴുതിച്ചു വാങ്ങി അവൻ പഠിച്ചതാണ്; എഴുത്തും വായനയും അറിയാത്തവനാകകൊണ്ട് അത് അവന് സദാ വായിച്ചു കേൾപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്'. എന്നാണ് ഈ വാദത്തിന്റെ സാരം.

ഖുർആനോട് ഏതെങ്കിലും നിലക്ക് കിടയൊക്കുന്ന ഒരു ഗ്രന്ഥം രചിക്കുവാൻ യഹൂദർക്കോ, നദ്വ്റിനോ മറ്റാർക്കെങ്കിലുമോ കഴിഞ്ഞിട്ടില്ല-കഴിയുകയുമില്ല. എന്നിരിക്കെ, ഈ ജല്പനം എത്രമാത്രം അനീതിയും പൊള്ളയുമാണ്?! അനിതരസാധാരണമായ സവിശേഷതകളും, മഹൽഗുണങ്ങളും നിറഞ്ഞ ഈ വിവേചന പ്രമാണ ഗ്രന്ഥം (വിശുദ്ധ ഖുർആൻ) അവതരിപ്പിച്ചത് ആകാശഭൂമികളിലെ പരസ്യങ്ങൾ മാത്രമല്ല, രഹസ്യങ്ങളും അറിയുന്ന അല്ലാഹുവത്രെ. അതിൽ മറ്റാരുടെയെങ്കിലും കൈകടത്തലോ, പങ്കെടുക്കലോ ഉണ്ടായിട്ടില്ല എന്നുള്ളത് അവന്നറിയാം. തികച്ചും സ്പഷ്ടമായ ഈ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നതിന്റെ ഗൗരവം നോക്കുമ്പോൾ, അതിനുള്ള ശിക്ഷ വളരെ അടിയന്തരമായിത്തന്നെ നൽകപ്പെടേണ്ടതാണ്. എങ്കിലും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണല്ലോ إِنَّهُ كَانَ غَفُورًا رَحِيمًا അടുത്ത വചനങ്ങളിൽ നബി(ﷺ)തിരുമേനിയെ സംബന്ധിച്ച അവരുടെ ചില അപവാദങ്ങൾ ഉദ്ധരിക്കുന്നു:

وَقَالُواْ مَالِ هَٰذَا ٱلرَّسُولِ يَأۡكُلُ ٱلطَّعَامَ وَيَمۡشِي فِي ٱلۡأَسۡوَاقِ لَوۡلَآ أُنزِلَ إِلَيۡهِ مَلَكٞ فَيَكُونَ مَعَهُۥ نَذِيرًا ﴿٧﴾

﴿7﴾ അവർ പറയുന്നു: എന്താണ് ഈ റസൂലിന്? അദ്ദേഹം ഭക്ഷണം കഴിക്കുകയും, അങ്ങാടികളിൽകൂടി നടക്കുകയും ചെയ്യുന്നു! (ഇങ്ങിനെയാണോ റസൂലുകൾ?!) അദ്ദേഹത്തിങ്കലേക്ക് ഒരു മലക്ക് ഇറക്കിക്കൊടുക്കപ്പെടുകയും, എന്നിട്ട് (ആ മലക്ക്) തന്റെ ഒന്നിച്ച് ഒരു താക്കീതുകാരനായിരിക്കുകയും ചെയ്യരുതോ?!

أَوۡ يُلۡقَىٰٓ إِلَيۡهِ كَنزٌ أَوۡ تَكُونُ لَهُۥ جَنَّةٞ يَأۡكُلُ مِنۡهَاۚ وَقَالَ ٱلظَّٰلِمُونَ إِن تَتَّبِعُونَ إِلَّا رَجُلٗا مَّسۡحُورًا ﴿٨﴾

﴿8﴾ അതല്ലെങ്കിൽ, അദ്ദേഹ ത്തിന് വല്ല നിക്ഷേപവും ഇട്ടുകൊടുക്കപ്പെടുകയോ, അല്ലെങ്കിൽ അദ്ദേഹത്തിന് അതിൽ നിന്ന് (ഭക്ഷണം) തിന്നുമാറുള്ള ഒരു തോപ്പുണ്ടായിരിക്കുകയോ ചെയ്യരുതോ?! (ഈ) അക്രമികൾ പറയുകയാണ്: ആഭിചാരബാധിതനായ ഒരാളെ യല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല എന്ന്!

ٱنظُرۡ كَيۡفَ ضَرَبُواْ لَكَ ٱلۡأَمۡثَٰلَ فَضَلُّواْ فَلَا يَسۡتَطِيعُونَ سَبِيلٗا ﴿٩﴾

﴿9﴾ നോക്കുക: (നബിയേ) അവർ നിന്നെക്കുറിച്ച് ഉപമകൾ വിവരിച്ചതെങ്ങിനെയാണെന്ന്?! അങ്ങനെ, അവർ വഴിപിഴച്ചുപോയി; ആകയാൽ അവർക്ക് ഒരു മാർഗവും (കണ്ടെത്തുവാൻ)സാധ്യമാകുകയില്ല.

﴿7﴾ وَقَالُوا അവർ പറയുന്നു مَا എന്താണ് (അത്ഭുതം തന്നെ) لِهَٰذَا الرَّسُولِ ഈ റസൂലിന്, ദൈവദൂതന് يَأْكُلُ അദ്ദേഹം തിന്നുന്നു, കഴിക്കുന്നു الطَّعَامَ ഭക്ഷണം وَيَمْشِي നടക്കുകയും (സഞ്ചരിക്കയും)ചെയ്യുന്നു فِي الأَسْوَاقِ അങ്ങാടികളിൽ لَوْلا أُنْزِلَ ഇറക്കപ്പെടരുതോ, ഇറക്കപ്പെട്ടുകൂടേ إِلَيْهِ അദ്ദേഹത്തിങ്കലേക്ക് مَلَكٌ ഒരു മലക്ക് فَيَكُونَ എന്നിട്ട് അദ്ദേഹം ആയിരിക്കുക مَعَهُ അദ്ദേഹമൊന്നിച്ച്, തന്റെ കൂടെ نَذِيرًا ഒരു താക്കീതുകാരൻ ﴿8﴾ أَوْ يُلْقَى അല്ലെങ്കിൽ ഇട്ടുകൊടുക്കപ്പെടുക (അരുതോ) إِلَيْهِ അദ്ദേഹത്തിന്, അദ്ദേഹത്തിങ്കലേക്ക് كَنْزٌ വല്ല നിക്ഷേപവും, ഒരു നിധി أَوْ تَكُونُ അല്ലെങ്കിൽ ഉണ്ടാകുക(അരുതോ) لَهُ അദ്ദേഹത്തിന്, തനിക്ക് جَنَّةٌ ഒരു തോപ്പ്, തോട്ടം يَأْكُلُ അദ്ദേഹത്തിന് തിന്നാവുന്ന, കഴിക്കുമാറ് مِنْهَا അതിൽ നിന്ന് وَقَالَ പറയുകയും ചെയ്തു, പറയുന്നു الظَّالِمُونَ അക്രമികൾ إِنْ تَتَّبِعُونَ നിങ്ങൾ പിൻപറ്റുന്നില്ല, തുടരുന്നില്ല إِلا رَجُلا ഒരു പുരുഷനെയല്ലാതെ(ഒരാളെയല്ലാതെ) مَسْحُورًا

ആഭിചാര ബാധിതനായ, മാരണം ചെയ്യപ്പെട്ടവനായ. ﴾9﴿ انْظُرْ നോക്കുക كَيْفَ എങ്ങിനെയാണ് ضَرَبُوا അവർ വിവരിച്ചു, ആക്കി لَكَ നിനക്ക്, തനിക്ക് الْأَمْثَالَ ഉപമകളെ, ഉദാഹരണങ്ങളെ فَضَلُّوا അങ്ങനെ അവർ വഴിപിഴച്ചിരിക്കുന്നു فَلَا يَسْتَطِيعُونَ ആകയാൽ (എനി) അവർക്ക് സാധ്യമാകയില്ല سَبِيلًا ഒരു മാർഗവും, വഴിയും.

സാധാരണമനുഷ്യരെപ്പോലെ ഭക്ഷണം കഴിക്കുക, അങ്ങാടിയിൽ കൂടി നടക്കുക മുതലായവ റസൂലുകൾക്ക് (ദൈവദൂതൻമാർക്ക്)യോജിച്ചതല്ലെന്നും, റസൂൽ (ﷺ) അങ്ങിനെയുള്ള ആളായതുകൊണ്ട് അവിടുന്ന് റസൂലായിരിക്കുവാൻ അർഹനല്ലെന്നുമാണ് അവർ പറയുന്നത്. റസൂലായിരിക്കണമെങ്കിൽ, മനുഷ്യാതീതമായ ചില പ്രകൃതിവിശേഷങ്ങൾ ഉണ്ടായിരിക്കണമെന്ന് അവർ സമർത്ഥിക്കുന്നു. ഈ ധാരണ കേവലം അബദ്ധമാണെന്ന് 20-ാം വചനത്തിൽ വ്യക്തമായിത്തന്നെ അല്ലാഹു പ്രസ്താവിക്കുന്നുണ്ട്. അവരുടെ ബുദ്ധിഹീനതയും ആലോചനക്കുറവുമാണിത് കുറിക്കുന്നത്. സാധാരണക്കാരും പ്രവാചകൻമാരും തമ്മിലുള്ള വ്യത്യാസം മനുഷ്യസാധാരണമായ ബാഹ്യപ്രകൃതിഗുണങ്ങളിലല്ല - ആത്മീയവും മാനസികവുമായ ഗുണവിശേഷങ്ങളിലാണ് - എന്നവസ്തുത ഇവർ മനസ്സിലാക്കുന്നില്ല. മുസ്‌ലിംകളിൽതന്നെ അല്പജ്ഞാനികളായ പലർക്കും ഈ വിഷയത്തിൽ അബദ്ധധാരണകൾ പിണയാറുണ്ട്. ഇതിനെപ്പറ്റി സൂ: അൽകഹ്ഫിന്റെ അവസാനത്തിൽ വെച്ച് നാം വിവരിച്ചിട്ടുണ്ട്.

മുഹമ്മദിന്ന് ഒരു സഹായകനും, സാക്ഷിയുമെന്ന നിലക്ക് എന്തുകൊണ്ട് ഒരു മലക്കിനെ തന്റെ ഒപ്പം ഇറക്കിക്കൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ അവന് സുഖമായി കഴിഞ്ഞുകൂടത്തക്കവണ്ണം ഒരു തോട്ടം ഉണ്ടാവരുതോ, അതുമല്ലെങ്കിൽ അവന് അങ്ങാടിയിലും മറ്റും പോയി വിഷമിക്കാതെ ജീവിക്കുമാറ് വല്ല നിക്ഷേപവും നൽകപ്പെടരുതോ ?! എന്നിങ്ങിനെയുള്ള ബാലിശമായ മറ്റു ചോദ്യങ്ങളാകട്ടെ, അവരുടെ ചിന്താശൂന്യതയും കുബുദ്ധിയും മാത്രമാണ് പ്രകടമാക്കുന്നത്. ഈ പ്രലോഭനങ്ങളുടെ അടിസ്ഥാനത്തിൽ ഒടുക്കം അവർ സ്വയം തന്നെ വിധി കൽപിക്കുകയാണ്. മുഹമ്മദിന് എന്തോ ആഭിചാര ബാധയേറ്റു-മാരണം ബാധിച്ചു-ബുദ്ധി ഭ്രമിച്ചു പോയിരിക്കുന്നു, അത് നിമിത്തം അവൻ എന്തൊക്കെയൊ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അല്ലാതെ അവൻ ദൈവദൂതനൊന്നുമല്ല എന്നൊക്കെ. ഇത്യാദി വിഡ്ഢിത്തങ്ങളും നിരർത്ഥങ്ങളായ ആരോപണങ്ങളും കേട്ടു വ്യാകുലപ്പെടേണ്ടതില്ലെന്ന് നബിﷺയെ സമാശ്വസിപ്പി ക്കുകയാണ് 9 - ാം വചനം ചെയ്യുന്നത്.

വിഭാഗം - 2

تَبَارَكَ ٱلَّذِىٓ

إِن شَآءَ جَعَلَ لَكَ خَيْرًا مِّن ذَٰلِكَ

جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ

﴾10﴿ **യാതൊരുവൻ നന്മയേറിയവനാകുന്നു**

അവൻ ഉദ്ദേശിക്കുന്ന പക്ഷം (അവർ പറയുന്ന) അതിനെക്കാൾ ഉത്തമമായത് - താഴ്ഭാഗത്ത്കൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന

وَيَجۡعَل لَّكَ قُصُورًا ﴿١٠﴾

തോപ്പുകൾ-നിനക്ക് ഉണ്ടാക്കിത്തരുകയും, നിനക്ക് മണിമാളികകൾ ഉണ്ടാക്കിത്തരുകയും ചെയ്യുന്നതാണ് (അങ്ങിനെയുള്ളവൻ)

﴾10﴿ تَبَارَكَ നന്മയേറിയവനായി, മഹത്വമേറിയവനായിരിക്കുന്നു ٱلَّذِي യാതൊരുവൻ إِن شَاءَ അവൻ ഉദ്ദേശിച്ചാൽ, വേണമെന്ന് വെച്ചാൽ جَعَلَ ആക്കിത്തരും, ഉണ്ടാക്കുന്നതാണ് لَكَ നിനക്ക് خَيۡرًا ഉത്തമമായത്, നല്ലത് مِّن ذَٰلِكَ അതിനെക്കാൾ (അതായത്) جَنَّٰتٍ തോപ്പുകൾ, തോട്ടങ്ങൾ تَجۡرِي നടക്കുന്ന, ഒഴുകുന്ന مِن تَحۡتِهَا അവയുടെ അടിഭാഗത്ത് കൂടി ٱلۡأَنۡهَٰرُ നദികൾ, അരുവികൾ وَيَجۡعَل لَّكَ അവൻ നിനക്ക് ഉണ്ടാക്കിത്തരുകയും ചെയ്യും قُصُورًا മണിമാളികകൾ.

അവിശ്വാസികൾ ഉന്നയിച്ചതും, വേണമെങ്കിൽ അതിനെക്കാൾ എത്രയോ മടങ്ങ് ഉത്തമമായതും നൽകുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. പക്ഷേ, ഇഹലോകത്ത് വെച്ച് കുറെ ജീവിതസൗകര്യങ്ങളും, സുഖാഡംബര സാമഗ്രികളും നബി(ﷺ)ക്ക് ഏർപ്പെടുത്തിക്കൊടുക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ല. നബി(ﷺ)ക്ക് നൽകുന്ന പ്രതിഫലം പരലോകത്ത് വെച്ചായിരിക്കുവാനാണ് അവൻ നിശ്ചയിച്ചിട്ടുള്ളത്.

നബി(ﷺ)യെയും വിശുദ്ധ ക്വുർആനെയും മാത്രമല്ല മുശ്‌രിക്കുകൾ നിഷേധിക്കുന്നത്. പുനർജീവിതത്തിലും അന്ത്യനാളിൽ രക്ഷാശിക്ഷകൾ നൽകുന്നതിലും അവർ വിശ്വസിക്കുന്നില്ല. ഇതാണവരുടെ നിഷേധത്തിന്റെ പശ്ചാത്തലം. അല്ലാഹു പറയുന്നു:

بَلۡ كَذَّبُواْ بِٱلسَّاعَةِۖ وَأَعۡتَدۡنَا لِمَن كَذَّبَ بِٱلسَّاعَةِ سَعِيرًا ﴿١١﴾

﴾11﴿ എന്നാൽ, (അത്രയുമല്ല) അവർ അന്ത്യസമയത്തെ വ്യാജമാക്കിയിരിക്കുകയാണ്. അന്ത്യസമയത്തെ വ്യാജമാക്കിയവർക്ക് കത്തിജ്ജ്വലിക്കുന്ന നരകം നാം ഒരുക്കിവെക്കുകയും ചെയ്തി രിക്കുന്നു.

إِذَا رَأَتۡهُم مِّن مَّكَانِۭ بَعِيدٖ سَمِعُواْ لَهَا تَغَيُّظٗا وَزَفِيرٗا ﴿١٢﴾

﴾12﴿ ദൂരസ്ഥലത്ത് നിന്ന് അതവരെ കാണുമ്പോൾ, അതിന് ഒരു (തരം) കോപം വമിക്കലും, ഇരമ്പലും അവർക്ക് കേൾക്കാവുന്നതാണ്.

وَإِذَآ أُلۡقُواْ مِنۡهَا مَكَانٗا ضَيِّقٗا مُّقَرَّنِينَ دَعَوۡاْ هُنَالِكَ ثُبُورٗا ﴿١٣﴾

﴾13﴿ അതിൽനിന്നും ഒരു ഇടുങ്ങിയ സ്ഥലത്ത് (ചങ്ങലകളിൽ) ബന്ധിക്കപ്പെട്ടവരായ നിലയിൽ അവരെ ഇടുമ്പോൾ, അവിടെ വെച്ച് അവർ നാശം വിളിച്ചുപറയുന്ന താണ്.

﴾14﴿ ഇന്ന് നിങ്ങൾ ഒരു നാശത്തെ

لَّا تَدۡعُواْ ٱلۡيَوۡمَ ثُبُورٗا وَٰحِدٗا وَٱدۡعُواْ ثُبُورٗا كَثِيرٗا ﴿١٤﴾

(മാത്രം) വിളിക്കേണ്ടതില്ല, അനേകം നാശത്തെ നിങ്ങൾ വിളിച്ചു കൊള്ളുക. (ഇതായിരിക്കും അവർക്ക് മറുപടി)

﴾11﴿ بَلْ എന്നാൽ, എങ്കിലും, പക്ഷേ, അത്രയുമല്ല كَذَّبُوا അവർ വ്യാജമാക്കി, കളവാക്കി
بِالسَّاعَةِ അന്ത്യസമയത്തെ, അന്ത്യഘട്ടത്തെ وَأَعْتَدْنَا നാം ഒരുക്കിവെക്കുകയും
ചെയ്തിരിക്കുന്നു لِمَنْ كَذَّبَ വ്യാജമാക്കിയവർക്ക് بِالسَّاعَةِ അന്ത്യസമയത്തെ سَعِيرًا
കത്തിജ്വലിക്കുന്നതിനെ (നരകത്തെ), ജ്വലിക്കുന്ന അഗ്നി ﴾12﴿ إِذَا رَأَتْهُمْ അതവരെ കണ്ടാൽ
مِنْ مَكَانٍ ഒരു സ്ഥലത്ത് നിന്ന് بَعِيدٍ ദൂരമായ سَمِعُوا അവർ കേൾക്കുന്നതാണ് لَهَا അതിന്
تَغَيُّظًا കോപം വമിക്കൽ, ക്രോധഭാവം وَزَفِيرًا ഇരമ്പലും, ദീർഘശ്വാസവും, മുഴക്കവും ﴾13﴿
وَإِذَا أُلْقُوا അവർ ഇടപ്പെട്ടാൽ مِنْهَا അതിൽ നിന്ന് مَكَانًا ഒരു സ്ഥലത്ത് ضَيِّقًا ഇടുങ്ങിയ,
കുടുസ്സായ مُقَرَّنِينَ ബന്ധിക്കപ്പെട്ടവരായി, കൂട്ടിക്കെട്ടപ്പെട്ടവരായി دَعَوْا അവർ വിളിക്കുന്നതാണ്,
വിളിച്ചുപറയും هُنَالِكَ അവിടെ വെച്ച് ثُبُورًا നാശത്തെ ﴾14﴿ لَا تَدْعُوا നിങ്ങൾ വിളിക്കേണ്ട,
(വിളിക്കേണ്ടതില്ല) الْيَوْمَ ഇന്ന് ثُبُورًا وَاحِدًا ഒരു നാശത്തെ وَادْعُوا നിങ്ങൾ
വിളിച്ചുകൊള്ളുവിൻ ثُبُورًا كَثِيرًا അനേകം (വളരെ) നാശത്തെ

വളരെ അകലത്ത് പ്രത്യക്ഷപ്പെടുമ്പോഴേക്കും കേൾക്കത്തക്കവിധം അതികഠിന മായിരിക്കും, നരകത്തിലെ അഗ്നിജ്വാലയുടെ വമിപ്പും, അതിന്റെ ഊക്കേറിയ ഇരമ്പലും. അതിൽ അവരെ പ്രവേശിപ്പിക്കുന്നത് ചങ്ങലകളിലും, ആമങ്ങളിലും ബന്ധിക്കപ്പെട്ടുകൊണ്ടുമായിരിക്കും. അതും കുടുസ്സായ ചില സ്ഥലങ്ങളിൽ! ഈ അവസരത്തിൽ സഹിക്കവയ്യാത്ത ദീനരോദനങ്ങളോടുകൂടി അവർ നാശമേ! കഷ്ടമേ! എന്നിങ്ങിനെ നിലവിളിച്ചുകൊണ്ടിരിക്കും. പക്ഷേ, ഈ നിലവിളികേട്ടു സഹതപിക്കുവാനോ, ആശ്വാസം നൽകുവാനോ ആരും ഉണ്ടായിരിക്കയില്ല. 'നിങ്ങൾ ഒരു നാശത്തെമാത്രം വിളിക്കേണ്ടതില്ല, അനേകനാശങ്ങളെത്തന്നെ വിളിച്ചേക്കുക; അഥവാ, നിങ്ങൾ ഇവിടെ അനുഭവിക്കേണ്ടുന്ന കഷ്ടപ്പാടുകൾ വളരെ അധികമാണ്'. എന്നിങ്ങിനെയുള്ള മറുപടിയായിരിക്കും അവർക്ക് ലഭിക്കുക! معاذ الله

قُلۡ أَذَٰلِكَ خَيۡرٌ أَمۡ جَنَّةُ ٱلۡخُلۡدِ ٱلَّتِي وُعِدَ ٱلۡمُتَّقُونَۚ كَانَتۡ لَهُمۡ جَزَآءٗ وَمَصِيرٗا ﴿١٥﴾

﴾15﴿ (നബിയേ) പറയുക: അതാണോ ഉത്തമം, അഥവാ ഭയഭക്തർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ശാശ്വത സ്വർഗമോ? അത് (സ്വർഗം) അവർക്ക് പ്രതിഫലവും മടങ്ങിച്ചെല്ലുന്ന ഭവനവും ആയിരിക്കുന്നതാണ്.

لَّهُمۡ فِيهَا مَا يَشَآءُونَ خَٰلِدِينَۚ

﴾16﴿ നിത്യവാസികളായിരിക്കുന്ന നിലയിൽ, തങ്ങൾ ഉദ്ദേശിക്കുന്ന ഏതൊന്നും അവർക്കതിൽ ഉണ്ടായി

كَانَ عَلَىٰ رَبِّكَ وَعْدًا مَّسْـُٔولًا ﴿١٦﴾

രിക്കുന്നതാണ്. അക്കാര്യം, നിന്റെ റബ്ബിന്റെമേൽ ചോദ്യം ചെയ്യപ്പെടാ വുന്ന ഒരു വാഗ്ദാനമാകുന്നു.

﴾15﴿ قُلْ നീ പറയുക, ചോദിക്കുക أَذَٰلِكَ അതാണോ خَيْرٌ ഉത്തമം, നല്ലത്, ഗുണകരം أَمْ അഥവാ, അതല്ലാ, അതോ جَنَّةُ الْخُلْدِ ശാശ്വതസ്വർഗം, സ്ഥിരവാസത്തിന്റെ സ്വർഗം(ആണോ) الَّتِي وُعِدَ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതായ الْمُتَّقُونَ ഭയഭക്തർക്ക്, സൂക്ഷ്മതയുള്ളവരോട് كَانَتْ അതാകുന്നു, ആയിരിക്കുന്നു لَهُمْ അവർക്ക് جَزَاءً പ്രതിഫലം وَمَصِيرًا മടങ്ങുന്ന സ്ഥലവും, പ്രാപ്യസ്ഥാനവും ﴾16﴿ لَهُمْ അവർക്കുണ്ട് فِيهَا അതിൽ, അവിടത്തിൽ مَا യാതൊന്ന് يَشَاءُونَ അവർ ഉദ്ദേശിക്കുന്ന خَالِدِينَ നിത്യവാസികളായിട്ട്, ശാശ്വതരായ നിലയിൽ كَانَ അത്(കാര്യം) ആകുന്നു, ആയിരിക്കുന്നു عَلَىٰ رَبِّكَ നിന്റെ റബ്ബിന്റെമേൽ وَعْدًا വാഗ്ദാനം, കരാർ مَسْئُولًا ചോദ്യം ചെയ്യപ്പെടാവുന്ന(ഉത്തരവാദപ്പെട്ട)

അവിശ്വാസികൾക്ക് നരകത്തിൽവെച്ച് അനുഭവിക്കേണ്ടിവരുന്ന കടുത്ത ശിക്ഷയുടെ സ്വഭാവം ചുരുക്കി വിവരിച്ചതിന് ശേഷം, സത്യവിശ്വാസവും സൽക്കർമങ്ങളും മുഖേന ദോഷബാധയെ സൂക്ഷിച്ചുവരുന്ന ഭയഭക്തർക്ക് ലഭിക്കുന്ന സ്വർഗീയസൗഭാഗ്യം ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നു. ഈ രണ്ടിൽ ഏതാണ് കൂടുതൽ ഉത്തമം, ഏതാണ് തങ്ങൾക്ക് വേണ്ടത് എന്ന് ചിന്തിച്ചു നോക്കുമാറ് വിശ്വാസികളുടെ മനസ്സാക്ഷികളെ തട്ടി ഉണർത്തുകയും ചെയ്യുന്നു. അക്കാര്യം - ഭയഭക്തൻമാർക്കുള്ള പ്രതിഫലം ശാശ്വതസ്വർഗമാണെന്ന കാര്യം - അല്ലാഹുവിന്റെമേൽ ചോദ്യംചെയ്യപ്പെടാവുന്നവിധം ഉത്തരവാദപ്പെട്ട ഒരു വാഗ്ദാനമാണ് എന്ന് പറഞ്ഞത് സജ്ജനങ്ങളായ ആളുകളെ ആവേശംകൊള്ളിക്കുന്നതത്രെ.

അല്ലാഹുവിന് പുറമെ ഇതരവസ്തുക്കളെ ആരാധ്യവസ്തുക്കളായി സ്വീകരിച്ചവർക്ക് അവരുടെ ആരാധ്യവസ്തുക്കളിൽ നിന്ന് പരലോകത്ത് വെച്ചുണ്ടാകുന്ന അനുഭവം എന്തായിരിക്കുമെന്ന് അടുത്ത വചനങ്ങളിൽ വിവരിക്കുന്നു:

وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ فَيَقُولُ ءَأَنتُمْ أَضْلَلْتُمْ عِبَادِى هَٰٓؤُلَآءِ أَمْ هُمْ ضَلُّوا۟ ٱلسَّبِيلَ ﴿١٧﴾

﴾17﴿ അവരെയും, അല്ലാഹുവിന് പുറമെ അവർ ആരാധിച്ചുവരുന്നതിനെയും അവൻ [അല്ലാഹു] ഒരുമിച്ചു കൂട്ടുന്ന ദിവസം, എന്നിട്ട് അവൻ (ആരാധ്യവസ്തുക്കളോട്) ചോദി ക്കും: എന്റെ ഈ അടിയാൻമാരെ നിങ്ങൾ വഴിപിഴപ്പിച്ചതാണോ? അഥവാ അവർ തന്നെ വഴിതെറ്റി പ്പോയതോ?!

قَالُوا۟ سُبْحَٰنَكَ مَا كَانَ يَنۢبَغِى لَنَآ

﴾18﴿ അവർ [ആരാധ്യ വസ്തു ക്കൾ] പറയും: നീ വളരെ പരി ശുദ്ധൻ!

أَن نَّتَّخِذَ مِن دُونِكَ مِنْ أَوْلِيَآءَ وَلَٰكِن مَّتَّعْتَهُمْ وَءَابَآءَهُمْ حَتَّىٰ نَسُوا۟ ٱلذِّكْرَ وَكَانُوا۟ قَوْمًۢا بُورًا ﴿١٨﴾

നിനക്ക് പുറമെ യാതൊരു വിധ രക്ഷാകർത്താക്കളെയും സ്വീകരിക്കുന്നത് ഞങ്ങൾക്ക് അനുയോജ്യമായിരുന്നില്ല. പിന്നെ, ഞങ്ങളെങ്ങിനെ അവരെ അതിന് പ്രേരിപ്പിക്കും ?! പക്ഷേ, അവർക്കും, അവരുടെ പിതാക്കൾക്കും നീ സുഖഭോഗം നൽകി; അങ്ങനെ, അവർ ഉൽബോധനം മറന്നുകളയുകയും, നശിച്ച ഒരു ജനതയായിത്തീരുകയും ചെയ്തിരിക്കയാണ്.

فَقَدْ كَذَّبُوكُم بِمَا تَقُولُونَ فَمَا تَسْتَطِيعُونَ صَرْفًا وَلَا نَصْرًا ۚ وَمَن يَظْلِم مِّنكُمْ نُذِقْهُ عَذَابًا كَبِيرًا ﴿١٩﴾

﴾19﴿ (അല്ലാഹുപറയും) ഇപ്പോൾ (ഇതാ) നിങ്ങൾ പറയുന്നതിൽ അവർ നിങ്ങളെ കളവാക്കിക്കഴിഞ്ഞു. എനി, (ശിക്ഷയെ) തിരിച്ചുകളയുവാനാകട്ടെ, സഹായം ലഭിക്കുവാനാകട്ടെ നിങ്ങൾക്ക് സാധ്യമാകുന്നതല്ല. ആർ നിങ്ങളിൽ നിന്ന് അക്രമം പ്രവർത്തിക്കുന്നുവോ അവനെ നാം വലുതായ ശിക്ഷ ആസ്വദിപ്പിക്കുന്നതാകുന്നു.

﴾17﴿ وَيَوْمَ ദിവസം يَحْشُرُهُمْ അവൻ അവരെ ഒരുമിച്ചുകൂട്ടും وَمَا യാതൊന്നിനെയും, യാതൊരുവരെയും يَعْبُدُونَ അവർ ആരാധിക്കുന്നു مِنْ دُونِ اللهِ അല്ലാഹുവിന് പുറമെ فَيَقُولُ എന്നിട്ട് അവൻ പറയും, ചോദിക്കും أَأَنْتُمْ നിങ്ങളോ أَضْلَلْتُمْ വഴിപിഴപ്പിച്ചു عِبَادِي എന്റെ അടിയാൻമാരെ هَؤُلَاءِ ഇക്കൂട്ടരായ(ഈ) أَمْ അതോ, അഥവാ هُمْ അവർ തന്നെ ضَلُّوا പിഴച്ചിരിക്കുന്നു(വോ) السَّبِيلَ വഴി, മാർഗം ﴾18﴿ قَالُوا അവർ പറയും سُبْحَانَكَ നീ വളരെ പരിശുദ്ധൻ, നിനക്ക് സ്തോത്ര കീർത്തനം, നിന്റെ പരിശുദ്ധി വാഴ്ത്തുന്നു مَا كَانَ يَنْبَغِي അനുയോജ്യമായിരുന്നില്ല, യോജിക്കുന്നതല്ല (നിവൃത്തിയില്ല) لَنَا ഞങ്ങൾക്ക് أَنْ نَتَّخِذَ ഞങ്ങൾ സ്വീകരിക്കുന്നത്, ഏർപ്പെടുത്തുന്നത് مِنْ دُونِكَ നിനക്കുപുറമെ, നിന്നെക്കൂടാതെ مِنْ أَوْلِيَاءَ യാതൊരു രക്ഷാകർത്താക്കളെയും, ബന്ധുമിത്രങ്ങളെയും وَلَكِنْ പക്ഷേ, എങ്കിലും مَتَّعْتَهُمْ നീ അവർക്ക് സുഖഭോഗം നൽകി, അവരെ സൗഖ്യത്തിലാക്കി وَآبَاءَهُمْ അവരുടെ പിതാക്കളെയും حَتَّى نَسُوا അങ്ങനെ അവർ മറന്നുകളഞ്ഞു, മറക്കുന്നത് വരെ, വിസ്മരിക്കുമാറ് الذِّكْرَ ഉൽബോധനം, പ്രമാണം, സ്മരണ, ഉപദേശം وَكَانُوا അവരായിത്തീരുകയും ചെയ്തു قَوْمًا ഒരു ജനത بُورًا നശിച്ച, നാശമടഞ്ഞ ﴾19﴿ فَقَدْ كَذَّبُوكُمْ ഇപ്പോൾ (എന്നാൽ) അവർ നിങ്ങളെ കളവാക്കിക്കളഞ്ഞു بِمَا تَقُولُونَ നിങ്ങൾ

صَرْفًا സാധ്യമാകയില്ല നിങ്ങൾക്ക് (എനി) ആകയാൽ فَمَاتَسْتَطِيعُونَ പറയുന്നതിൽ
തിരിച്ചുകളയുന്നതിന്, മാറ്റുന്നതിന് وَلَا نَصْرًا സഹായത്തിനും, സഹായം കിട്ടുവാനും
(ഇല്ല) وَمَنْ ആരെങ്കിലും, വല്ലവരും يَظْلِمْ അക്രമം ചെയ്യുന്നതായാൽ مِنكُمْ നിങ്ങളിൽ
നിന്ന് نُذِقْهُ നാം അവന്ന് ആസ്വദിപ്പിക്കും, അനുഭവിപ്പിക്കും عَذَابًا ശിക്ഷ كَبِيرًا വലുതായ

ഈ ചോദ്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ആരാധ്യൻമാരെക്കൊണ്ട് ഇവിടെ ഉദ്ദേശ്യം, ചില വിഭാഗക്കാർ ആരാധിച്ചുവന്ന നബിമാർ, മലക്കുകൾ മുതലായവരാണെ ന്നാണ്. അവരുടെ മറുപടി നോക്കുക, അല്ലാഹുവിന്റെ പരിശുദ്ധതയെ വാഴ്ത്തിക്കൊണ്ട് അവർ നൽകുന്ന ആ മറുപടിയുടെ താൽപര്യം ഇതാണ് : നീ അല്ലാത്ത ആരെയും രക്ഷാകർത്താക്കളും, കൈകാര്യക്കാരുമായി സ്വീകരിക്കുവാൻ ഞങ്ങൾക്ക് നിവൃത്തിയില്ലല്ലോ. എന്നിരിക്കെ, ഞങ്ങളെ ആരാധിക്കുവാനും, രക്ഷാകർത്താക്കളായി സ്വീകരിക്കുവാനും ഞങ്ങളെങ്ങിനെ ആവശ്യപ്പെടും? പക്ഷേ, സംഭവം മറ്റൊന്നാണ് : ഈ അവിശ്വാസികൾ, അവർക്കും അവരുടെ മുൻഗാമികൾക്കും ലഭിച്ച ലൌകിക സുഖങ്ങളിൽ ലയിച്ചു സത്യോപദേശത്തെയും, ദിവ്യോൽബോധനത്തെയും വിസ്മരിച്ചു കളഞ്ഞു. അങ്ങിനെ, അവർ സ്വയം വഴിപിഴച്ചു നാശമടയുകയാണ് ചെയ്തിരിക്കുന്നത്. ഞങ്ങളെ അവർ ആരാധിച്ചുവന്നതിൽ ഞങ്ങൾ നിരപരാധികളാകുന്നു......തങ്ങൾ ആരാധിച്ചുവന്നിരുന്നവരിൽ നിന്ന്-അവർ ആരുതന്നെ ആയിരുന്നാലും-ഈ മറുപടി കേൾക്കുമ്പോൾ, ആ ആരാധകൻമാരുടെ നിരാശയും, വ്യസനവും എത്രമാത്രമായിരിക്കും?! ഈ അവസരത്തിൽ സർവ്വാധിനാഥനായ അല്ലാഹു അവരെ അഭിമുഖീകരിച്ചു പറയുന്ന വാക്യങ്ങളാണ് 19-ാം വചനത്തിൽ കാണുന്നത്.

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ ۗ وَجَعَلْنَا بَعْضَكُمْ لِبَعْضٍ فِتْنَةً أَتَصْبِرُونَ ۗ وَكَانَ رَبُّكَ بَصِيرًا ﴿٢٠﴾

﴾20﴿ (നബിയേ) നിനക്ക് മുമ്പ് മുർസലുകളിൽ [ദൈവദൂതൻമാരിൽ] ഭക്ഷണം കഴിക്കുകയും, അങ്ങാടി യിൽ സഞ്ചരിക്കുകയും ചെയ്യാറുള്ള നിലയിൽ തന്നെയല്ലാതെ (ആരെ യും) നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങളിൽ ചിലരെ (മറ്റു) ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുക യാണ് - നിങ്ങൾ സഹിക്കുമോ എന്ന്, നിന്റെ രക്ഷിതാവ് (എല്ലാം) വീക്ഷി ച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

﴾20﴿ وَمَاأَرْسَلْنَا നാം അയച്ചിട്ടില്ല قَبْلَكَ നിനക്ക് മുമ്പ് مِنَ الْمُرْسَلِينَ
മുർസലുകളിൽനിന്ന്(ആരെയും) إِلا إِنَّهُمْ നിശ്ചയമായും അവർ ആയിട്ടല്ലാതെ لَيَأْكُلُونَ
തിന്നുന്ന, കഴിക്കുന്ന നിലയിൽതന്നെ الطَّعَامَ ഭക്ഷണം وَيَمْشُونَ അവർ നടക്കുകയും,

സഞ്ചരിക്കുകയും فِي الْأَسْوَاقِ അങ്ങാടികളിൽ وَجَعَلْنَا നാം ആക്കിയിരിക്കുന്നു, ഏർപ്പെടുത്തിയിരിക്കുന്നു بَعْضَكُمْ നിങ്ങളിൽ ചിലരെ لِبَعْضٍ ചിലർക്ക് فِتْنَةً പരീക്ഷണം, കുഴപ്പം أَتَصْبِرُونَ നിങ്ങൾ ക്ഷമിക്കുമോ, സഹിക്കുമോ(എന്ന്) وَكَانَ رَبُّكَ നിന്റെ റബ്ബ് ആകുന്നു بَصِيرًا വീക്ഷിക്കുന്നവൻ, കണ്ടറിയുന്നവൻ

മുർസൽ (الْمُرْسَل) എന്നാൽ അയക്കപ്പെട്ടവൻ എന്ന് വാക്കർത്ഥമാകുന്നു. ജനങ്ങൾക്ക് അല്ലാഹുവിന്റെ ദൗത്യം എത്തിച്ചുകൊടുക്കുവാനായി നിയോഗിക്കപ്പെട്ട പ്രവാചകൻമാർക്കാണ് 'റസൂൽ' എന്നും 'മുർസൽ' എന്നും സാധാരണ പറയുന്നത്. ദൗത്യം എത്തിക്കുവാൻവേണ്ടി അയക്കപ്പെടുന്ന എല്ലാവർക്കും ഭാഷയിൽ ഈ വിശേഷണനാമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

7-ാം വചനത്തിൽ, അവിശ്വാസികൾ പുറപ്പെടുവിച്ച ചില ആക്ഷേപങ്ങളെപ്പറ്റി പ്രസ്താവിച്ചുവല്ലോ. എന്തുകൊണ്ടാണ് ഈ റസൂൽ (മുഹമ്മദ്ﷺ) ഭക്ഷണം കഴിക്കുകയും അങ്ങാടിയിൽ കൂടി സഞ്ചരിക്കുകയും ചെയ്യുന്നത് എന്നുള്ള ആ ആക്ഷേപത്തിന് മറുപടിയാണ് ഈ വചനത്തിൽ കാണുന്നത്. നബിﷺക്ക് മുമ്പുള്ള എല്ലാ മുർസലുകളും ഇത്പോലെ ഭക്ഷണം കഴിച്ചും, ആവശ്യമുള്ളപ്പോൾ അങ്ങാടികളിൽ പോയിക്കൊണ്ടും തന്നെയാണ് ജീവിച്ചിരുന്നത്. ഇത് നബിﷺയുടെ ഒരു പ്രത്യേകതയൊന്നുമല്ല. ദൈവദൂതന്മാർക്ക് ഇതൊന്നും യോജിച്ചതല്ലെന്നോ പാടില്ലെന്നോ ഒരു നിയമവും ഇല്ല എന്നാണ് മറുപടിയുടെ താൽപര്യം. ചിലരെ ചിലർക്ക് പരീക്ഷണമാക്കിയിരിക്കുന്നുവെന്ന് പറഞ്ഞത് ശ്രദ്ധേയമാകുന്നു. ഉപദേഷ്ടാക്കളും പ്രബോധകൻമാരുമായ ആളുകൾക്ക് എതിരാളികൾ ഉണ്ടായിരിക്കലും, പല തരത്തിലുള്ള എതിർപ്പുകളും, വിഷമങ്ങളും നേരിടലും സ്വാഭാവികമാണെന്നും, അതിലെല്ലാം ക്ഷമയും, സഹനവും കൈക്കൊണ്ട് - നിരാശപ്പെടാതെ - അവർ മുന്നോട്ട് പോകേണ്ടതുണ്ടെന്നുമാണ് ആ വാക്യം ധ്വനിപ്പിക്കുന്നത്. അല്ലാഹു എല്ലാം വീക്ഷിച്ചും കണ്ടറിഞ്ഞുംകൊണ്ടിരിക്കുന്നുണ്ടെന്ന് അവസാനം ഉണർത്തിയിട്ടുള്ളത് അവർക്ക് മനസ്സമാധാനത്തിനും, ആശക്കും വക നൽകുകയും ചെയ്യുന്നു.